(സി, ഡി) പദ്ധതിയെപ്പറ്റി ഫീസിബിലിറ്റി സ്റ്റഡി നടത്തുവാൻ നാറ്റ്പാക്ക്/ആർ. ഇ.സി. കോഴിക്കോട് എന്നിവരോട് നിർദ്ദേശിക്കുകയും, നാറ്റ്പാക്ക് ഒരു പ്രാഥമിക പഠനം നടത്തുകയും ചെയ്തിട്ടുണ്ട്. വിശദമായ പഠനം നടത്താൻ 2.30 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് നാറ്റ്പാർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം നൽകുന്ന കാര്യം പരിശോധനയിലാണ്.

(ഇ) വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള 150 സെന്റ് സ്ഥലമുൾപ്പെടെ ർണ്ട് ഏക്കർ സ്ഥലം അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

ഡാണപ്പടി-കാർത്തികപ്പള്ളി തോടിന്റെ സംരക്ഷണം

12 [5367] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ഡാണപ്പടി-കാർത്തികപ്പള്ളി തോടിന്റെ കരകളുടെ സംരക്ഷണത്തിനും ആഴം കൂട്ടുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംരക്ഷണ ഭിത്തിയുടെ നിർമ്മാണം നിലവിൽ എത്ര മീറ്റർ പൂർത്തിയായിട്ടുണ്ട്;

(സി) പ്രസ്തുത തോടിന്റെ ഏതൊക്കെ ഭാഗങ്ങളിലാണ് ഇനി സംരക്ഷണഭിത്തി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്; ഈ പ്രവൃത്തികൾ സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലെത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിലെ ഡാണപ്പടി-കാർത്തികപ്പള്ളി തോടിന്റെ കരകളുടെ സംരക്ഷണത്തിനും ആഴം കൂട്ടുന്നതിനുമായി ഇപ്പോൾ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

(ബി) തോടിന്റെ കരകളുടെ കുറച്ച് ഭാഗങ്ങൾ പി.ഡബ്ല്യു.ഡി. സംരക്ഷണ ഭിത്തി കെട്ടിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കി ഭാഗങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ആക്കുളം കായലിന്റെ ശുദ്ധീകരണം

13 [5368] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായലിന്റെ ആഴവും സൗന്ദര്യവും വീണ്ടെടുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ തയ്യാറാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ആക്കുളം കായലിന്റെ ആഴം വർദ്ധിപ്പിക്കാനുള്ള പദ്ധതിയിൽ വെൺപാലവട്ടം പാലം മുതൽ കുഴിവിള റോഡുവരെയും ഒരുവാതിൽ കോട്ട മുതൽ ആക്കുളം വരെയുള്ള മുഴുവൻ കായൽ പ്രദേശങ്ങളും ഉൾപ്പെടുത്തുവാൻ തയ്യാറാകുമോ;

LIBRARY ARCHIVES Kerala Legislative Assembly